പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3091

07/11/2019-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുള്ള പെരിന്തൽമണ്ണ ഗവൺമെന്റ് മോഡൽ എച്ച്എസ്. എസ്. ന്റെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് തീരുമാനി ച്ചിട്ടുള്ള ഗവൺമെന്റ് എച്ച്എസ്. എസ്. പൂലാമന്തോൾ, ഗവൺമെന്റ് എച്ച് എസ്.എസ്. കുന്നക്കാവ് എന്നീ സ്കൂളുകളുടെയും പ്രവൃത്തി എത്ര ശതമാനം പൂർത്തിയായിട്ടുണ്ടെന്നും ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കുവാൻ ബാക്കിയുള്ള തെന്നും വിശദാംശം ലഭ്യമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുള്ള പെരിന്തൽമണ്ണ ഗവൺമെന്റ് മോഡൽ എച്ച്എസ്. എസ്-ന്റെ നിർമ്മാണ പ്രവൃത്തികൾ 40% പൂർത്തീകരിച്ചിട്ടുണ്ട് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെ ടുത്ത ഗവൺമെന്റ് എച്ച്.എസ് . എസ്. പൂലാമന്തോളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 5% വും ഗവൺമെന്റ് എച്ച്എസ്.എസ് കുന്നക്കാവ് സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 10% വും പൂർത്തീകരിച്ചിട്ടുണ്ട് പെരിന്തൽമണ്ണ സ്കൂളിന്റെ 3 നിലകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കഴിഞ്ഞു നാലാമത്തെ നിലയുടെ പണികളാണ് പുരോഗമിക്കുന്നത്. പൂലാമന്തോൾ സ്കൂളിന്റെ ഫൗണ്ടേഷൻ വർക്കുകളും കുന്നക്കാവ് സ്കൂളിന്റെ ഗ്രേഡ് ബീമിന്റെ പണികളും പുരോഗമിക്കുന്നു |
| (ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നിർദ്ദേശം നൽകിയിട്ടുണ്ട്; ഓരോ പ്രവൃത്തിയുടെയും ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ വിശദാംശങ്ങൾ, നാളിതുവരെയുള്ള പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ പ്രത്യേകം ലഭ്യമാക്കുമോ; | (ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കുവാനായി കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് ഓരോ പ്രവൃത്തിയുടെയും ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ വിശദാംശങ്ങൾ, നാളിതുവരെയുള്ള പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതിനു കരാറുകാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് |

Namitha

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| സ്കൂൾ | ഭരണാനുമതി | സാങ്കേതികാനുമതി | ടെണ്ടർ വിശദാംശങ്ങൾ | പുരോഗതി |
|---|---|---|---|---|
| GMHSS പെരിന്തൽമണ്ണ | G.O(Rt)N0.3292/2017/GEdn, dt.21/09/2017 | APR-3/137/2017/KIIFB dt, 12/10/2017 | ടെണ്ടർ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. M/s Segmo Foundations & structures Pvt Ltd. Kochi എന്ന കമ്പനി യാണ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടു ത്തിരിക്കുന്നത് | നാലു നിലകളുള്ള സ്കൂൾ കെട്ടിടത്തിന്റെ 3 നിലകളുടെ പണികൾ ഇതിനോടകം പൂർത്തീകരിച്ചു. നാലാമത്തെ നിലയിൽ ഒരു ഭാഗത്ത് Beam ന്റെയും Column ന്റെയും പണികൾ നടക്കുന്നു. മറുഭാഗത്ത് Roof Slab Shuttering പണികൾ നടക്കുന്നു. |
| GHSS പുലാമന്തോൾ | G.O(Rt)N0.363/2018/GEdn, dt.21/01/2018 | GED-008-61-PA-01 dt, 07/06/ 2018 dt.12/10/2017. | മാളിയേക്കൽ കൺസ്ട്രക്ഷൻ കമ്പനിയാണ് കരാർ ഏറ്റെടുത്തി രിക്കുന്നത് | പുലാമന്തോൾ സ്കൂളിന്റെ ഫൗണ്ടേഷൻ പണികൾ നടക്കുന്നു. |
| GHSS കുന്നക്കാവ് | | | | കുന്നക്കാവ് സ്കൂളിന്റെ ഗ്രേഡ്ബീമിന്റെ പണികൾ നടക്കുന്നു |

Namitha P

**സെക്ഷൻ ഓഫീസർ**